(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൈമാറിയ ഐ.ടി.ഐ. കളിലെ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; ഇത് സംബന്ധിച്ച് ഉത്തരവുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) പട്ടികവർഗ്ഗ വകുപ്പിൻ കീഴിലുള്ള 2 ഐ.ടി.ഐ.-കൾ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൈമാറിയ ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് തൊഴിൽ വകുപ്പുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുന്നതാണ്. പ്രവേശനം സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

അട്ടപ്പാടിയിൽ ഐ.റ്റി.ഡി.പി. ഓഫീസ്

214 (8050) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു മാത്രമായി ഐ.റ്റി.ഡി.പി. ഓഫീസ് രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ഷോളയാർ ഗിരിജൻ സൊസൈറ്റിക്ക് ധനസഹായം

215 (8051) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്കു ശമ്പളം നൽകുന്നതിനും കൃഷി, വനവിഭവങ്ങൾ ശേഖരിയ്ക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിയാത്ത വിധത്തിൽ ഷോളയാർ ഗിരിജൻ സൊസൈറ്റി സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി ചെയ്യുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനും പ്രസ്തുത ഗിരിജൻ സൊസൈറ്റിക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികവർഗ്ഗ സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സൊസൈറ്റി കൃത്യമായി പദ്ധതി രൂപരേഖ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ച് പി & എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി

216 (8052) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പി. & എ.ആർ.ഡി. മുഖേന പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ച് നടത്തിയ വർക്ക് സ്റ്റഡി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത വർക്ക് സ്റ്റഡി വകുപ്പിന് ഗുണം ചെയ്യുമെന്ന് അഭിപ്രായമുണ്ടോ ; ഇക്കാര്യത്തിൽ നയം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി. & എ.ആർ.ഡി. ടീം 2010 നവംബറിൽ സർക്കാരിന് സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.

(സി) പ്രസ്തുത വർക്ക് സ്റ്റഡിയിലെ നിർദ്ദേശങ്ങൾ വകുപ്പിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും അതുവഴി പട്ടികവർഗ്ഗ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും സഹായകമാണ്.

LIBRARY ARCHIVES Kerala Legislative Assembly